## മാമോദീസ

**പ**നമ്പിള്ളി നഗർ G-328 പാതേയിൽ ശ്രീ. ഏബ്രഹാം കൊച്ചക്കൻ ചാക്കോയുടെയും ശ്രീമതി. അന്നാ തോമസിന്റെയും മകൾ **സൂസൻ** (**Gayathri Kochakkan Chacko**) 23-09-2018 ൽ മാമോദീസ സ്വീകരിച്ചു.

**പ**നമ്പിള്ളി നഗർ NO.34 ചെറുകരവീട്ടിൽ ശ്രീ. ജോർജ് തോമസിന്റെയും ശ്രീമതി. മേഘാ പോളിന്റെയും മകൻ **പൗലോസ്** (**Paul George**) 06-10-2018 ൽ മാമോദീസ സ്വീകരിച്ചു.

**എ**ളംകുളം വരയന്നൂർ ശ്രീ. മിഥുൻ തോമസിന്റെയും ശ്രീമതി മെറിൻ അന്നാ വർഗ്ഗീസിന്റെയും മകൾ **മറിയം** (**Nathaliya Mariam Midhun**)13-10-2018 ൽ മാമോദീസ സ്വീകരിച്ചു.

**എ**റണാകുളം നോർത്ത് പീസ്‌ലിന്നിൽ ഡോ. ജിം ഉമ്മൻ തോമസിന്റെയും അഥീനാ സൂസൻ ഏബ്രഹാമിന്റെയും മകൻ **തോമസ്** (**Jermy Abraham Thomas**) 20-10-2018 ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

## ആദരാഞ്ജലികൾ


സി.വി.പോൾ

**മ**റൈൻഡ്രൈവ് പ്രെസ്റ്റിജ് നെപ്ട്യൂൺ കോബാൾട്ട് അപ്പാർട്ട്മെന്റ് നമ്പർ 3062 ൽ നെച്ചൂപാടം **സി. വി. പോൾ** (91) 22-10-2018 തിങ്കളാഴ്ച നിര്യാതനായി. 23-10-2018 ചൊവ്വാഴ്ച എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

## വിവാഹം

**പ**ച്ചാളം എബനേസർ വീട്ടിൽ ശ്രീ. പി. ഐ. ജെയിംസിന്റെയും ശ്രീമതി സോമിനി ജെയിംസിന്റെയും മകൻ **ജുവൽ ജെയിംസും** കോട്ടയം പരിയാരം കളരിക്കൽ വീട്ടിൽ ശ്രീ. കെ. വി. ഐസക്കിന്റേയും ശ്രീമതി ഷേർളി ഐസക്കിന്റേയും മകൾ **അക്കു മറിയ ഐസക്കും** തമ്മിലുള്ള വിവാഹം 2018 ഒക്ടോബർ മാസം 21-ാം തീയ്യതി എറണാകുളം സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്നു.

**നീ**ഴൂർ ചെമ്മലകുഴി വീട്ടിൽ പരേതനായ ജോസഫ് തോമസിന്റെയും ശ്രീമതി സബീന ഏബ്രഹാമിന്റേയും മകൻ **ജോഷ്വാ തോമസ്സും** തൃക്കാക്കര ചെമ്മൻകുഴ വീട്ടിൽ ശ്രീ. സക്കറിയ ഏബ്രഹാമിന്റെയും ശ്രീമതി ഷേബ ഏബ്രഹാമിന്റെയും മകൾ **മരീറ്റ എബ്രഹാമും** തമ്മിലുള്ള വിവാഹം 2018 ഒക്ടോബർ മാസം 28-ാം തീയ്യതി എറണാകുളം സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ നടന്നു.

*വധുവരന്മാർക്ക് മംഗളാശംസകൾ*

*(ഇടയലേഖനം തുടർച്ച)*

ദിനം തോറുമുള്ള ജീവിതരംഗങ്ങളിൽ നന്മതിന്മകളുടെ സങ്കലനമുണ്ട്. അവയിൽ നിന്നും ഉത്തമമായതോ, അധമമായുള്ളതോ, സ്വീകരിക്കാൻ നമുക്ക് സ്വാതന്ത്ര്യവുമുണ്ട്. ദൈവത്തെ നിഷേധിക്കാൻ പോലും നമുക്ക് സ്വാതന്ത്ര്യം നൽകിയിരിക്കുന്നു! നമ്മൾ ഏതിനെ തെരഞ്ഞെടുക്കും. യിസ്രായേലിലെ ന്യായാധിപനും പ്രവാചകനുമായിരുന്ന യോശുവ, ജനങ്ങളെ ഉപദേശിച്ചിരുന്നു. ഒരു ഘട്ടത്തിൽ അദ്ദേഹം പ്രഖ്യാപിച്ചു. ഞാനും എന്റെ കുടുംബവും യഹോവയെ സേവിക്കും; നിങ്ങളും തെരഞ്ഞെടുത്തുകൊൾവിൻ (യോശു 24 :15). ഈ തെരഞ്ഞെടുപ്പ് നിർണ്ണായകമായിരിക്കും എന്നോർക്ക. ■

## പ്രാർത്ഥനാ യോഗങ്ങൾ

| | | | |
|---|---|---|---|
| St. George Unit (Kaloor Area) 04-11-2018 - 4 pm | St. Thomas Unit (North-Pachalam Area) 18-11-2018 - 4 pm | St. Dionysius Unit (Vyttila-Maradu Area) 18-11-2018 - 4 pm | St. Gregorios Unit (Elamkulam-Kadavanthra Area) 25-11-2018 -4 pm |
| **ശ്രീ. ഏബ്രഹാം ഫിലിപ്പ്** | **ശ്രീമതി ഓമന വർഗീസ്** | **ശ്രീ. സി. ജെ. ഫിലിപ്പ്** | **ശ്രീ. പി. കെ. ഐസക്** |
| പാലത്ര ഹൗസ് | ചിങ്ങേത്ത് ഹൗസ് | ചെറുവള്ളിത്തറയിൽ | പഴയിടത്ത് ഹൗസ് |
| ചാന്ദിനി ലൈൻ | കെ. പി. പങ്കജാക്ഷൻ റോഡ് | TRA-8, തുരുത്തി ടെംപിൾ | ചർച്ച് ലാൻഡിംങ് ക്രോസ്സ് |
| ഇടപ്പള്ളി, കൊച്ചി-24 | എറണാകുളം | റോഡ്, ചമ്പക്കര, മരട് പി.ഒ. | റോഡ്, എറണാകുളം, കൊച്ചി-31 |
| Tel: 2344099, Mob: 9847152901 | Tel: 2394681, Mob: 8547794681 | Tel: 2306943, Mob: 8086263356 | Tel: 2351100, Mob: 9447303247 |






Editorial Board : Fr. Jiju Varghese (Vicar), K.K. George (94470 40484), Paulose Jacob, V. N. Philipose, Mammen Abraham & Suma Mathew.
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490
Design & Lay-out: dittografix, Printed at Geo Printshop, Ernakulam






# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 12 ISSUE : 11 November 2018


## എഡിറ്റോറിയൽ

### "ദൈവം എന്നെ കോരിയെടുത്തു"

**ക**ഴിഞ്ഞ ദിവസം (27.10.2018) അപകടത്തിൽപ്പെട്ട ഒരു സ്നേഹിതനെ കാണുവാൻ ലിസി ഹോസ്പിറ്റലിൽ പോയിരുന്നു. ചെറിയ അപകടമൊന്നുമല്ല. രക്ഷപെടുവാൻ ഒരു സാധ്യതയുമില്ലാതിരുന്ന ഒരപകടം. അദ്ദേഹത്തെ കണ്ടയുടനെ അദ്ദേഹം പറഞ്ഞത് 'ദൈവത്തിന്റെ കരങ്ങളാണ് എന്നെ കോരിയെടുത്തു രക്ഷിച്ച'തെന്നാണ്.

സംഭവത്തെക്കുറിച്ച് എന്റെ സ്നേഹിതൻ വിവരിച്ചപ്പോൾ ഞാൻ സ്തംഭിച്ചിരുന്നുപോയി. "ഒക്ടോബർ 26-ാം തീയതി രാത്രി 1 മണിക്ക് തിരുവനന്തപുരത്തു നിന്ന് പുറപ്പെടേണ്ടിയിരുന്ന ട്രെയിനിൽ എറണാകുളത്തേക്ക് വരുവാൻ തിരുവന്തപുരം റെയിൽവേ സ്റ്റേഷനിൽ നിൽക്കുകയായിരുന്നു. ട്രെയിൻ 2 മണിയോടെയാണ് സ്റ്റേഷനിൽ എത്തിയത്. എന്റെ അടുത്ത് നിന്നിരുന്ന ബംഗാളികളായ തൊഴിലാളികൾ ട്രെയിനിൽ കയറുവാൻ തിരക്കുകൂട്ടി മാറിനിന്നിരുന്ന എന്നെയും തള്ളിയിടുകയാണുണ്ടായത്. തൽഫലമായി ഞാൻ പ്ലാറ്റ്ഫോമിൽ കമിഴ്ന്നടിച്ചു വീണു. കൈകുത്തി എഴുന്നേൽക്കാൻ ശ്രമിച്ചപ്പോൾ പ്ലാറ്റ്ഫോമിൽ നിന്ന് റെയിലിലേക്ക് വീഴുകയാണുണ്ടായത്".

ട്രെയിനിന്റെയും, പ്ലാറ്റ്ഫോമിന്റെയും ഇടയ്ക്കു വീണ സ്നേഹിതനെ, നില്ക്കാൻ തുടങ്ങിയ ട്രെയിൻ കുറച്ചു ദൂരം വലിച്ചിഴച്ചു. മരിച്ചെന്ന് സ്വയമായി വിശ്വസിച്ച ഏതാനും നിമിഷങ്ങൾ. പെട്ടെന്ന് ട്രെയിൻ നിന്നു. താൻ ജീവിച്ചിരിക്കുന്നു എന്ന് അദ്ദേഹത്തിന് മനസ്സിലായി. ഇതു കണ്ടുനിന്നവർ ഓടിക്കൂടി. ശവശരീരം പുറത്തെടുക്കണമെന്നു നിശ്ചയിച്ച് പോലീസുകാരും അടുത്തുവന്നു. അപ്പോൾ ട്രെയിനിന്റെ അടിയിൽ കിടക്കുന്നയാൾക്ക് ബോധമുണ്ടെന്ന് അവർക്ക് മനസ്സിലാകുന്നു. അവർ കൈ പൊക്കാൻ സാധിക്കുമോയെന്ന് വിളിച്ച് ചോദിച്ചു. പറ്റുമെന്നുത്തരം. ട്രെയിനിന്റെയും, പ്ലാറ്റ്ഫോമിന്റെയും ഇടക്കുള്ള ചെറിയ വിടവിൽക്കൂടെ അവർ കൈകളിൽ പിടിച്ച് അദ്ദേഹത്തെ വലിച്ചെടുത്ത്, ആംബുലൻസിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചു. പാളത്തിൽ നിന്നെടുത്തു രക്ഷിച്ച പോലീസുകാർ പറഞ്ഞത്, അവരുടെ അറിവിൽ ഒരാളുപോലും ഇങ്ങനെയുള്ള സാഹചര്യത്തിൽ നിന്ന് രക്ഷപെട്ടിട്ടില്ല എന്നാണ്.

അദ്ദേഹത്തെ രക്ഷിച്ചത് ദൈവകരങ്ങളാണ്. ദൈവത്തെ പൂർണ്ണമായി വിശ്വസിച്ചിരുന്ന കുടുംബമായിരുന്നു സ്നേഹിതന്റേത്. അതാണ് പോലീസല്ല, ദൈവത്തിന്റെ കരങ്ങളാണ് തന്നെ കോരിയെടുത്തത് എന്നദ്ദേഹം പറഞ്ഞത്. ഇനിയുള്ള കാലം ദൈവവചനം പ്രചരിപ്പിക്കുവാൻ ശ്രമിക്കുമെന്ന് അദ്ദേഹം തീരുമാനിക്കുകയും ചെയ്തു. വിശ്വാസികൾക്ക് വിഷമഘട്ടങ്ങൾ ഉണ്ടാകയില്ലെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. എന്നാൽ അത് ക്രിസ്തു പറഞ്ഞതുപോലെ 'ദൈവതിരുനാമം മഹത്വപ്പെടുന്ന'തിനായിക്കൂടെന്നില്ലല്ലോ. വിശ്വാസികളുടെ കൂടെ എപ്പോഴും ദൈവം ഉണ്ടാകും. സ്നേഹിതൻ ലിസി ആശുപത്രിയിൽ സുഖം പ്രാപിച്ചു വരുന്നു. ■

## ഇടയ ലേഖനം

### തിന്മ ചെയ്യാൻ വേഗം (യോഹ 13 : 27)

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത



**നീ** ചെയ്യുന്നത് വേഗത്തിൽ ചെയ്യുക തിന്മയുടെ ശക്തി നിസ്സാരമെന്നു വിധിച്ചു തള്ളിക്കളയാൻ പാടില്ല. അതിനെ ജയിക്കുവാൻ നിരന്തമായ പരിശ്രമവും, ധർമ്മനിഷ്ഠമായ ഇച്ഛാശക്തിയും അനിവാര്യമാണ്. നന്മയോ, തിന്മയോ, മനുഷ്യൻ പ്രവർത്തിക്കുന്നത്, സ്വന്തം ഇച്ഛാശക്തി നിമിത്തമാണ്. നന്മയോ, തിന്മയോ നിർബന്ധപൂർവം ചെയ്യിക്കാവുന്നതല്ല. സ്വന്തം തീരുമാനപ്രകാരം നടപ്പാക്കുന്ന നന്മയാണ് കാമ്യമായിട്ടുള്ളത്; അതു തന്നെയാണ് യഥാർത്ഥ സ്വാതന്ത്ര്യവും .

സാധാരണമായി ഉയരുന്ന ഒരു സന്ദേഹമുണ്ട്: തിന്മ ചെയ്യാതെ ദൈവത്തിന്, മനുഷ്യരെ തടഞ്ഞുകൂടേ? നന്മ തിന്മകളൊന്നും ചെയ്യാൻ ദൈവം മനുഷ്യനെ നിർബന്ധിക്കാറില്ല. അങ്ങിനെ ചെയ്താൽ, അത്, മനുഷ്യനു ദൈവം തന്നെ കനിഞ്ഞു നൽകിയ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നാക്രമണമായിരിക്കും. മനുഷ്യൻ നന്മയാൽ ആകർഷിക്കപ്പെടണം. അതേ സമയം, അതിലധികമായി, മനുഷ്യൻ തിന്മയാൽ ആകർഷിക്കപ്പെടും. നന്മ ഒരിക്കലും സ്വയം 'advertise' ചെയ്യുകയില്ല. എന്നാൽ തിന്മ അങ്ങിനെയല്ല.

ഇതിൽ ഒളിഞ്ഞിരിക്കുന്ന ഒരു സത്യമുണ്ട്: മനുഷ്യൻ സ്വന്തതീരുമാനപ്രകാരം നന്മ മാത്രം ചെയ്തു ജീവിക്കുന്നതാണ് ദൈവത്തിനു പ്രീതികരം. തിന്മ ചെയ്യുന്നവരെ, അവിടുന്ന് തടയുകയില്ല. ആരുടേയും ഉപദേശം കേൾക്കാതെ, സ്വന്തയിഷ്ടപ്രകാരം നടക്കുന്നത് ലോകപരമായി ശ്ലാഘിക്കപ്പെട്ടേക്കാം. എന്നാൽ അത്, ദൈവാനുരൂപമായതോ, സർവ്വസ്വാതന്ത്ര്യമോ അല്ല. യിസ്രായേൽ യഹോവയെ അനുസരിക്കാതെ, മറുത്തുപെരുമാറിയപ്പോൾ, അവൻ സ്വന്തയിഷ്ടപ്രകാരം നടക്കേണ്ടതിന്, അവരെ അവൻ വിട്ടുകളഞ്ഞു. അപ്പോൾ, സ്വാർത്ഥലക്ഷ്യങ്ങൾക്കായി മാത്രം കരുതുന്നത്, ലാഭവുമല്ല, നന്മയുമല്ല; ദൈവം അവരെ കൈവിട്ടു എന്ന് തന്നെയാണതിന്റെയർത്ഥം.

ശിംശോൻ എന്ന മഹാമല്ലൻ, ദൈവനിയോഗം പ്രാപിച്ചവനായിരുന്നു എങ്കിലും, വഴിമാറി, പിഴച്ച വഴിയിലൂടെ യാത്ര ചെയ്യാനാരംഭിച്ച അവൻ, ദൈവത്തിൽ നിന്നകന്നുപോയി. അവൻ ദൈവത്തെ ഉപേക്ഷിച്ചു എന്നു പറയുന്നതാകും ശരി. തുടർന്ന് അവന്റെ നാശം ത്വരിത ഗതിയിലായിരുന്നു. എങ്കിലും, അവസാന നിമിഷത്തിൽ, അനുതപിച്ചു നിലവിളിച്ചപ്പോൾ ദൈവം കേട്ടുത്തരമരുളി. അപ്പോൾ, വഴിതെറ്റി നടക്കുന്നവർ, തങ്ങളുടെ അധർമ്മത്തിൽ നശിക്കുവാനല്ല, തിരികെവന്ന് ദൈവകൃപയിൽ ജീവിക്കണമെന്ന്, കരുണാമയനായ ദൈവം ആഗ്രഹിക്കുന്നു.

(ശേഷം 4-ാം പേജിൽ)

## വികാരിയുടെ കത്ത്

# കൗദാശിക ജീവിതം – ശുദ്ധികരിക്കുവാനും പ്രതിഷ്ഠിക്കുവാനുമുള്ള സമയം

ഫാ. ജിജു വർഗീസ്

ക്രിസ്തീയ ആരാധന മൂന്നു വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. ഒന്നാമത് ഒരു സ്ഥലത്തുള്ള സഭ മുഴുവൻ ഒരുമിച്ചുകൂടി വി. കുർബ്ബാനയാകുന്ന സ്തോസ്ത്രബലി അർപ്പിക്കുന്ന 'പരസ്യാരാധന' (church prayer) രണ്ടാമത് സന്യാസമഠങ്ങളിലും കുടുംബങ്ങളിലും മറ്റും നടക്കുന്ന പൊതു പ്രാർത്ഥന. (family prayer) മൂന്ന് വ്യക്തിപരമായ പ്രാർത്ഥന (personal prayer) ഇതു മൂന്നു കൂടെ ചേരുമ്പോഴാണ് ക്രിസ്തീയ ആരാധന പൂർണ്ണമാകുന്നത്.

നമ്മുടെ കർത്താവിന്റെ രക്ഷാകര ചരിത്രത്തെ ഓരോകാലത്തും. ഓരോ സ്ഥലത്തും ജീവിക്കുന്ന ദൈവജനത്തിന് അനുഭവഭേദ്യമാകത്തക്കവിധം അവതരിപ്പിക്കുന്ന ക്രമീകരണമാണ് ആരാധനാവത്സരം. ആരാധനാവത്സരം ആരംഭിക്കുന്നത് കൂദോശ് ഈത്തോ ഞായറാഴ്ചയാണ്. ഒക്ടോബർ 30–ാം തീയതിയോ, 31–ാം തീയതിയോ ഞായറാഴ്ചയാണെങ്കിൽ അന്നായിരിക്കും കൂദോശ് ഈത്തോ അല്ലെങ്കിൽ നവംബറിലെ ആദ്യ ഞായറാഴ്ച. അത്തരണത്തിൽ, നവംബർ 4 ഞായറാഴ്ച, വീണ്ടും ഒരു ആരാധന വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. കൂടാതെ ഏഴ് ആഴ്ചകൾ വീതമുള്ള ഏഴു കാലങ്ങളായി സഭാ വർഷത്തെ വിഭജിച്ചിരിക്കുന്നു. ഏഴ് പൂർണ്ണതയുടെ പ്രതീകമാണ്. ഏഴ് കാലങ്ങൾ: സൂബോറോക്കാലം, യൽദോ – ദനഹാക്കാലം, നോമ്പുകാലം, കൃംതാകാലം, പെന്തിക്കോസ്തീക്കാലം, തേജസ്ക്കരണക്കാലം, സ്ലീബാക്കാലം എന്നിവയാണ്. സൂബോറോക്കാലമാണ് തുടക്കം. കൂദോശ് ഈത്തോ–അതായത് സഭയുടെ ശുദ്ധീകരണം, തുടർന്ന് ഹൂദോസ് ഈത്തോ സഭയുടെ പുതുക്കം എന്നാണ് ഈ വാക്കിന്റെ അർത്ഥം. ദേവാലയം വിശ്വാസികളുടെ സമൂഹമാണ്. അതിലെ ജീവനുള്ള കല്ലുകളാണ് മാമോദീസ മുങ്ങിയ ഒരോ വിശ്വാസിയും. ദൈവാത്മാവ് വസിക്കുന്ന ജീവനുള്ള ദേവാലയമായി സഭയെയും സഭാംഗങ്ങളെയും സമർപ്പിക്കുന്നതിനുള്ള പെരുന്നാളാണ് ഹൂദോസ് ഈത്തോ. ജനനപ്പെരുന്നാളിനുള്ള സഭയുടെ ഒരുക്കം കൂടിയാണ് ഹൂദോസ് ഈത്തോ. ബാക്കിയുള്ള അഞ്ചു ഞായറാഴ്ചകൾ നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിനെ പറ്റിയുള്ള സന്ദേശങ്ങളാണ്.

Christiantiy is not a set of rules, but a way of life. (ക്രിസ്തുമതം എന്ന് പറയുന്നത് ചില നിയമസംഹിതകളല്ല, പ്രത്യുത ഇതൊരു ജീവിത രീതിയാണ്.) ഈ ജീവിത രീതി വിശുദ്ധിയുടെ, ശുദ്ധീകരണത്തിന്റെ അനുഭവമാണ്. ദൈവവുമായുള്ള ബന്ധത്തിൽ ദൈവീക കൃപകൾ പ്രാപിച്ചുകൊണ്ടുമാത്രമേ മനുഷ്യന് അർത്ഥപൂർണ്ണമായി, അതായതു വിശുദ്ധമായി ജീവിക്കുവാൻ കഴിയൂ.



അതിനു കൗദാശിക ജീവിതം ഉണ്ടായെ മതിയാവു. ശൈശവം മുതൽ തന്നെ ഈ അനുഭവത്തിൽ വളർത്തപ്പെടണം. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ദൈവമാണ് നയിക്കുന്നത് എന്ന ബോധ്യമുണ്ടാവണം. പ്രാർത്ഥനയും, നോമ്പും, വേദപഠനവും, വി. കുർബ്ബാന അനുഭവവും എല്ലാം കൗദാശിക ജീവിതത്തിന്റെ സുപ്രധാന ഘടകങ്ങളത്രെ.

The word sanctification- has three meanings. First Seperation, Second Dedication, Third Spirit filling.

Sanctification is the act of God's grace by which the affections of men are purified or alienated from sin and the world and exalted to a supreme love of God. That means setting a part of a sacred purpose.

'പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ടു നാം ജഡത്തിലെയും ആത്മാവിലേയും സകല കന്മഷവും നീക്കി നമ്മെ തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക' (2 cori: 7 :1 )

ഈ വിശുദ്ധിയുടെ പടവുകൾ ചവിട്ടിക്കയറിയ പരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയുടെ പെരുന്നാൾ കൂടി കൊണ്ടാടുന്ന സമയമാണ് ഇത്. ആ പരിശുദ്ധൻ കാട്ടിത്തന്ന ഭക്തിയും, പ്രാർത്ഥനയും നാം അനുഭവയോഗ്യമാക്കണം. അതായത് യാക്കോബ് ശ്ലീഹാ: 1 : 26–27 ൽ പറയുന്നതുപോലെ, 'നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ട് താൻ ഭക്തൻ എന്ന് നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം അത്രേ! പിതാവാം ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്ന് കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതെ വണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു'. വിശുദ്ധീകരണത്തിന്റെ പൂർത്തീകരണത്തിലാണ് സമർപ്പണം ഉണ്ടാകുന്നത്. നമുക്ക് ലഭിച്ചിരിക്കുന്ന സർവ്വ അനുഗ്രഹങ്ങളേയും, നമ്മെ തന്നെയും, ദൈവത്തിനു സമർപ്പിക്കുക. പ്രത്യേകിച്ച് ഇടവകയുടെ Harvest festival കൂടി നടത്തപ്പെടുന്ന ഈ സാഹചര്യത്തിൽ, കൗദാശീക ജീവിതത്തിൽ കൂടി വിശുദ്ധിയുടെ പാരമ്യത്തിൽ എത്തിച്ചേർന്ന്, പൂർണ്ണമായി സമർപ്പണത്തിന്റെ പാത പിൻപറ്റുവാൻ നമുക്കെല്ലാവർക്കും ഇടയാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, ആശംസിച്ചുകൊണ്ട്............സ്നേഹത്തോടെ ജിജു അച്ചൻ. ■

**ക്രിസ്തുമസ് കരോൾ ഗാനപരിശീലനം**
**നവംബർ 4 ഞായറാഴ്ച മുതൽ നടത്തപ്പെടുന്നതാണ്.**
**ഉച്ചക്ക് 2 മണി മുതൽ.**

Parish Members and their children who are staying out of state / country may submit their email ID to <stmaryscathedral.ekm@gmail.com>. Parish news bulletin and other parish informations will be sent to them.

**ഇംഗ്ലീഷ് വി. കുർബ്ബാന**
**എല്ലാ ഞായറാഴ്ചയും സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വി. കുർബ്ബാന ഇംഗ്ലീഷിൽ, വൈകുന്നേരം 5.30 ന്**

**വാർഷിക സെയിൽ**

**ഈ വർഷത്തെ വാർഷിക സെയിലും, ആദ്യ ഫലപ്പെരുന്നാളും നവംബർ 11 ഞായറാഴ്ച നടത്തപ്പെടുന്നു. ഏവരും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**





## മാർ ഗ്രീഗോറിയോസ് ചാപ്പലിൽ പരിശുദ്ധ പരുമല തിരുമേനിയുടെ 116–ാമത് ഓർമ്മ പെരുന്നാൾ











എളംകുളം മാർ ഗ്രീഗോറിയോസ് ചാപ്പലിൽ പരിശുദ്ധ പരുമല തിരുമേനിയുടെ 116–ാമത് ഓർമ്മ പെരുന്നാൾ ഒക്ടോബർ 21–ാം തീയ്യതി ഞായറാഴ്ച കൊണ്ടാടി. ഫാ. പോൾ ജോർജ് കൊടികയറ്റി. ഫാ. സൈമൺ ജോസഫ് പെരുന്നാൾ കുർബ്ബാനക്ക് മുഖ്യ കാർമികത്വം വഹിച്ചു. കുർബ്ബാനാനന്തരം വചന ശുശ്രുഷ, സഹോദരൻ അയ്യപ്പൻ റോഡിലെ കുരിശിൻ തൊട്ടിയിലേക്കുള്ള ഭക്തി നിർഭരമായ റാസ്സ തുടർന്ന് ആശീർവ്വാദം, നേർച്ചവിളമ്പ്, പ്രഭാത ഭക്ഷണം എന്നിവയോടെ പെരുന്നാൾ സമാപിച്ചു. വളരെയധികം ഭക്തജനങ്ങൾ ഈ വർഷത്തെ പെരുന്നാളിൽ സംബന്ധിച്ചു. വികാരി ഫാ. ജിജു വർഗ്ഗീസ് ചടങ്ങുകൾക്ക് നേതൃത്വം നൽകി.

### വിശേഷ ദിവസങ്ങൾ

**നവംബർ**

8 വ്യാഴം — പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവയുടെ 22–ാം ഓർമ്മ

11 ഞായർ — ഹൂദോസ് ഈത്തോ (പ. സഭയുടെ പ്രതിഷ്ഠ പെരുന്നാൾ)
ഇടവകയുടെ ആദ്യഫലപ്പെരുന്നാൾ. കത്തീഡ്രലിൽ 7 am ന് ആരംഭിക്കുന്ന ഒരു വി. കുർബ്ബാന മാത്രം (എളംകുളം ചാപ്പലിലും ചിറ്റൂർ റോഡ് ചാപ്പലിലും വി. കുർബ്ബാന ഉണ്ടായിരിക്കുന്നതല്ല)

24 ശനി — പഴയ സെമിനാരി സ്ഥാപകൻ സഭാ ജ്യോതിസ് പുലിക്കോട്ടിൽ ജോസഫ്മാർ ദീവന്നാസ്യോസ് ദ്വിതീയൻ മെത്രാപ്പോലീത്തയുടെ 202–ാം ഓർമ്മ

25 ഞായർ — ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായർ

**ഡിസംബർ**

1 ശനി — ഇരുപത്തിയഞ്ച് നോമ്പ് (യെൽദോ നോമ്പ്) ആരംഭം

2 ഞായർ — ഏലിശുബായുടെ അടുക്കലേക്കുള്ള വി. മറിയാമ്മിന്റെ യാത്രയുടെ ഞായർ (വനിതാ ദിനം)

### സൺഡേ സ്ക്കൂൾ

**ജില്ലാതല മത്സരവിജയികൾ** **ഭദ്രാസനതല മത്സരവിജയികൾ**

|  |  |  |  |
|---|---|---|---|
| ഏഞ്ചൽ ജോമി ജോർജ് | ലെയ ആൻ ഫിലിപ്പ് | നക്ഷത്ര ബെന്നി | അനീറ്റ എലിസബത്ത് ഷാജി |
| **ജൂനിയർ സിംഗിൾ സോങ്ങ് :** | **ജൂനിയർ സംഘഗാനം 2nd:** | **സീനിയർ സിംഗിൾ സോങ്ങ് 2nd:** | **സീനിയർ G K 2nd:** |
| (സെൻറ് മേരീസ് ചർച്ച്, സൺഡേ സ്ക്കൂൾ) | (സെൻറ് മേരീസ് ചർച്ച്, ദീപം സൺഡേ സ്ക്കൂൾ) | (സെൻറ് മേരീസ് ചർച്ച്, ദീപം സൺഡേ സ്ക്കൂൾ) | (സെൻറ് മേരീസ് ചർച്ച്, സൺഡേ സ്ക്കൂൾ) |

### പ്രതിമാസ ധ്യാനം

**9–ാം തീയതി വെള്ളിയാഴ്ച നിശ്ചയിച്ചിരുന്ന പ്രതിമാസ ധ്യാനം സെയിലിന്റെ ഒരുക്കങ്ങൾ നടക്കുന്നതിനാൽ 16–ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണി മുതൽ കത്തീഡ്രലിൽ വെച്ചു നടത്തപ്പെടുന്നു.**

### വി. കുർബ്ബാന സമയം

| | |
|---|---|
| **എളംകുളം ചാപ്പൽ:** | Nov 18 - 07.00 am, Nov 25 - 10.00 am<br>Dec 02 - 07.00 am. |
| **സെമിത്തേരിമുക്ക് ചാപ്പൽ:** | Nov 25 - 07.30 am.<br>**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am** |